പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 247 — 10-12-2018 -ൽ മറുപടിക്ക്

ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ അവലോകനം

	ചോദ്യം		മറുപടി
	ശ്രീ.സി. ദിവാകരൻ ,, ജി.എസ്.ജയലാൽ ശ്രീമതി ഗീതാ ഗോപി ശ്രീ.വി.ആർ. സുനിൽ കുമാർ		ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)
എ)	സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;	എ), ബി) & സി)	ഉണ്ട്. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം ഐക്യരാഷ്ട്രസഭ സംഘം അവലോകനം ചെയ്തിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം അയച്ച തന്ന സംസ്ഥാനങ്ങളുടെ താരതമ്യ പഠനത്തിൽ (Disaster Score Card), രാജ്യത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അഞ്ചാം സ്ഥാനമാണ് സംസ്ഥാനത്തിനുള്ളത്. ലോക ബാങ്ക് തയ്യാറാക്കിയ പ്രളയാനന്തര പുനർ നിർമ്മാണ അവലോകന റിപ്പോർട്ടിൽ സംസ്ഥാന അതോറിറ്റി കാര്യക്ഷമമായി ആണ് കേരളത്തിൽ പ്രവർത്തിച്ച വരുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭ സംഘം
ബി)	പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനം എത്രത്തോളം സജ്ജമാണെന്ന് വ്യക്തമാക്കുമോ;		
സി)	സംസ്ഥാനത്തിന്റെ ദുരന്തപ്രതികരണശേഷിയും ദുരന്തനിവാരണ സംവിധാനങ്ങളും പുനരവലോകനം നടത്തി കൂടുതൽ പ്രതികരണ ശേഷിയുള്ളതാക്കി		

	മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;		തയ്യാറാക്കിയ പ്രളയാനന്തര പുനർ നിർമ്മാണ അവലോകന റിപ്പോർട്ടിലും സംസ്ഥാന അതോറിറ്റി നടത്തുന്ന വിവിധ പദ്ധതികളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതോറിറ്റി പുതുതായി ഏറ്റെടുക്കേണ്ടതായ ഐക്യരാഷ്ട്രസഭ സംഘത്തിന്റെ പ്രധാന ശുപാർശകളിൽ എല്ലാം തന്നെ ആവശ്യമായ നടപടികൾ കൈകൊണ്ട് വരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.
ഡി)	ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാധ്യതയുള്ള അഗ്നിബാധ തടയുന്നതിനും ആളപായം കുറയ്ക്കുന്നതിനുമുള്ള ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രതികരണശേഷി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?	ഡി)	ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാധ്യതയുള്ള അഗ്നിബാധ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകൃത ദുരന്തം (disaster) അല്ല. ഇത് ഒരു സുരക്ഷാ (Safety) വിഷയം ആണ്. അഗ്നിസുരക്ഷാ മാനദണ്ഡം നടപ്പാക്കേണ്ടത് കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ കടമയാണ്. ഇത് സ്ഥിരമായി പരിശോധിച്ച് ഇത്തരം കെട്ടിടങ്ങളിൽ സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള ചുമതല അഗ്നി സുരക്ഷാ വകുപ്പിനാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ഐക്യരാഷ്ട്രസഭ സംഘത്തിന്റെയും ലോക ബാങ്കിന്റെയും ശുപാർശ പ്രകാരം ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്ന വിവിധ ശാക്തീകരണ നടപടികൾ

സുശക്തമായ ആശയവിനിമയ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകുവാനുള്ള നടപടി സ്വീകരിച്ചു. ആദ്യ ഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകി.

പ്രാദേശികമായി തീവ്ര ദുരന്ത പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ നിർണയിക്കപ്പെട്ടിട്ടുള്ള കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ് നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

കടലിൽ മത്സ്യതൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോ എന്ന് പരീക്ഷിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീര സംരക്ഷണ സേനയുടെ കപ്പലിൽ 200 കിലോമീറ്റർ ഉള്ളിൽ 5 ദിവസം സഞ്ചരിച്ച് നടത്തിയ പരീക്ഷണം വിജയകരമായതിനാൽ പ്രസ്തുത സംവിധാനം തുടർച്ചയായി പുനരാരംഭിക്കണം എന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഇമെയിൽ, WhatsApp, Twitter, Facebook, Mobile SMS, Land Phone, Fax, VSAT Terminal എന്നീ സംവിധാനങ്ങൾക്ക് പുറമേയാണ് ഇത്.

സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്

കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതിപ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടു.

ദുരന്ത സാധ്യത കൂടി കണക്കിലെടുത്തുള്ള ഭൂവിനിയോഗ പദ്ധതി തയ്യാറാക്കി ആസൂത്രണ വകുപ്പിനു ഉപയോഗപ്പെടുത്തുവാൻ, വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയ അടയാളപ്പെടുത്തൽ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ഫണ്ടും അനുവദിച്ചു.

വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിന്റെ ഉയരം ഉൾപ്പെടെ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി വരുന്നു.

United Nations Development Programme, United Environment Programme എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കി.

സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ചാപ്റ്റർ 5.3 പ്രകാരം ദുരന്ത ലഘൂകരണ virtual cadre രാജ്യത്ത് ആദ്യമായി സൃഷ്ടിച്ചിട്ടുണ്ട്. ഇവരുടെ പരിശീനം 2018 ഡിസംബർ മാസത്തിൽ ആരംഭിക്കും.

സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ട ഇന്ത്യ ഉൾപ്പെടെയുള്ള ലോകരാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് തൃശ്ശൂരിൽ അഗ്നി രക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ ആപ്ത മിത്ര എന്ന പ്രോജക്റ്റ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്റ്റ് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപികരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രോജെക്റ്റിൽ 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അരൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തുന്നതാണ്.

(6) സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുക.

(7) ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്തു സ്ഥാപിക്കുക.

(8) വിവിധ വിവര സംവേദന സാങ്കേതികവിദ്യകൾ ദുരന്ത നിവാരണത്തിനായി ഉപയോഗപ്പെടുത്തുക. ഒരു സാങ്കേതിക വിദ്യ പരാജയപ്പെട്ടാൽ മറ്റൊന്ന് എപ്പോഴും ലഭ്യമായിരിക്കുന്നത് ഉറപ്പുവരുത്തുക.

(9) സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പുതുക്കുക.

(10) സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

(11) ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക

(12) ദീർഘകാല ദുരന്ത പുനർനിർമാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുക

27 പദ്ധതികൾ

1. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.
2. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദന ദുരന്ത തീരുമാന സാങ്കേതികവിദ്യ വികസനം: ഇന്ത്യ ഉൾപ്പടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതികവിദ്യ വികസനം, കെൽട്രോൺ മുഖാന്തരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്.
3. സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല:

ദുരന്ത നിവാരണ നിയമം അനുസരിച്ച് സംസ്ഥാന അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു വീടുകൾ നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അടിസ്ഥാന ദുരിതാശ്വാസം (Minimum Relief Code) പ്രഖ്യാപിച്ചു.

റിസർവ് ബാങ്ക് മാനദണ്ഡം പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശ നഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുവാനും, പ്രവർത്തനം പുനരാരംഭിക്കാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ Section 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിശോധിച്ച് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നൽകിയ നിർദ്ദേശപ്രകാരം കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദേശം നൽകുകയും ചെയ്തു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് നടപ്പാക്കുന്നത്.

<u>12 ഇന ഉപലക്ഷ്യങ്ങൾ</u>

(1) ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും വിവിധ ദുരന്തങ്ങൾക്ക് വിധേയരാകാവുന്ന ജനസഞ്ചയത്തെ കണ്ടെത്തുകയും ചെയ്യുക.

(2) കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദേശങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി പുതുക്കുകയും ചെയ്യുക.

(3) പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ചു ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.

(4) ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അളവിൽ ഉപയോഗിക്കുക.

(5) സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ ആവശ്യമായ അളവിൽ ദുരന്ത ലഘൂകരണ വീക്ഷണകോൺ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

4. സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ
5. കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി
6. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷ
7. വരൾച്ച പ്രതിരോധ പദ്ധതികൾ - ജലവർഷിണി, മഴപ്പൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ
8. മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി
9. സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം
10. ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്ത പ്രതികരണ ശാക്തീകരണം
11. കഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം
12. വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം
13. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി
14. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ
15. പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തുന്നത്
16. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം
17. ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം
18. ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനം
19. ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ
20. 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ
21. ദുരന്ത ലഘൂകരണ പരിശീലനങ്ങൾ
22. ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം
23. ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം
24. പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം
25. മോക്ക് ഡ്രില്ലുകൾ
26. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം
27. അന്തർദേശീയ ദുരന്ത ലഘൂകരണ ദിനാഘോഷം

സെക്ഷൻ ഓഫീസർ